# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2691 09.05.2017-ൽ മറുപടിയ്ക്ക്.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണത്തിനു വേണ്ടി നിലമ്പൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതമായി നൽകിയ തുക പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ വരുന്ന കരുളായി ഗ്രാമ പഞ്ചായത്ത് മാത്രമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തുക വകയിരുത്തിയിട്ടുള്ളത് എസ്.സി.പി യിൽ 20000/- രൂപയും ടി.എസ്.പി വിഭാഗത്തിന് 308000/- രൂപയുമാണ് വകയിരുത്തിയത്.<br>നിലമ്പൂർ നഗരസഭക്ക് കീഴിൽ 2016-2017 വർഷത്തിൽ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 75 പേർക്ക് വീട് വയറിംഗിന് ധനസഹായം നൽകുന്നതിനായി 375000 രൂപ വകയിരുത്തിയിരുന്നു. രേഖകൾ ഹാജരാക്കിയ 29 പേർക്ക് 5000 രൂപ വീതം ധനസഹായം അനുവദി ച്ചിട്ടുള്ളതാണ്. |
| (ബി) | ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനം ഇനിയും വിഹിതം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ ഏതെല്ലാമാണ് ആ സ്ഥാപനങ്ങൾ എന്നും വൈകുന്നതിന് എന്തെങ്കിലും പ്രത്യേക കാരണങ്ങളുണ്ടോ എന്നും വ്യക്തമാക്കാമോ? | (ബി) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ വരുന്ന കരുളായി ഗ്രാമ പഞ്ചായത്ത് ഒഴികെയുള്ളവ ടി പദ്ധതി വച്ചിട്ടില്ല. കരുളായി ഗ്രാമ പഞ്ചായത്തിൽ എസ്.സി.പി വിഭാഗത്തിൽ 55000/- രൂപയും ടി.എസ്.പി വിഭാഗത്തിൽ 24000/- രൂപയും ചെലവഴിക്കാൻ ബാക്കിയുണ്ട്. പദ്ധതി ആവിഷ്കരണ സമയത്ത് ഉണ്ടായിരുന്ന ഗുണഭോക്താക്കൾ നിർവ്വഹണ സമയത്ത് അപേക്ഷ സമർപ്പിക്കുന്നതിന് വിമുഖത കാണിച്ചതിനാലാണ് ആവിഷ്കരണ സമയത്ത് ഉണ്ടായിരുന്ന എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം നൽകാൻ സാധിക്കാതെ വന്നത്. |

Haradadevi

**സെക്ഷൻ ഓഫീസർ**